# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.406** **27.02.2018-ൽ മറുപടിയ്ക്ക്**

## സംസ്ഥാന സർക്കാരിന്റെ നികുതി -നികുതിയേതര വരുമാനം

| ചോദ്യം<br>ശ്രീ.പി.കെ. ശശി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ 2017-18 സാമ്പത്തിക വർഷം പിരിച്ചെടുക്കാൻ തീരുമാനിച്ച നികുതി/നികുതിയേതര വരുമാനം എത്ര; വിശദാംശം ലഭ്യമാക്കുമോ; | (എ) | 2017-18 സാമ്പത്തിക വർഷം നികുതിയിനത്തിൽ 53,411.49 കോടി രൂപയും നികുതിയേതര ഇനത്തിൽ 12,037.78 കോടി രൂപയുമാണ് പിരിച്ചെടുക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. |
| (ബി) | ഇവ 2018 ജനുവരി വരെ ഓരോ വിഭാഗത്തിൽ നിന്നും പിരിഞ്ഞു കിട്ടിയ തുകയെത്ര; പിരിച്ചെടുക്കേണ്ട തുകയിൽ കുറവ്/കൂടുതൽ ഏതു മേഖലകളിൽ നിന്നും ലഭിച്ചു; വിശദാംശം ലഭ്യമാക്കുമോ; | (ബി) | നടപ്പ് സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് നികുതി നികുതിയേതര വരുമാനം സംബന്ധിച്ച് 2017 ഡിസംബർ മാസം വരെയുള്ള കണക്കുകളാണ് അക്കൗണ്ടന്റ് ജനറൽ ഔദ്യോഗികമായി പുറപ്പെടുവിച്ചിട്ടുള്ളത്. ഇത് പ്രകാരം ഓരോ വിഭാഗത്തിൽ നിന്നും 2017 ഡിസംബർ മാസം വരെ പിരിഞ്ഞ് കിട്ടിയ തുക സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു. നടപ്പ് സാമ്പത്തിക വർഷം പൂർത്തിയായ ശേഷം അക്കൗണ്ടന്റ് ജനറൽ ഔദ്യോഗികമായി കണക്കുകൾ പൂർണ്ണമായി പുറപ്പെടുവിച്ചാൽ മാത്രമേ പിരിച്ചെടുക്കാനുള്ള തുകയിൽ വന്നിട്ടുള്ള കുറവ്/കൂടുതൽ വിലയിരുത്താനാവുകയുള്ളൂ. |
| (സി) | ഇവ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് എപ്പോൾ ലഭിക്കുമെന്നും സംസ്ഥാനം അതിനായി സമർപ്പിച്ച കണക്ക് പട്ടിക എത്ര എന്നും വ്യക്തമാക്കുമോ; | (സി) | വിവിധ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട അതത് മാസത്തെ കണക്കുകൾ ട്രഷറികളിൽ നിന്ന് അക്കൗണ്ടന്റ് ജനറലിന് നൽകുകയാണ് ചെയ്യുന്നത്. സാമ്പത്തിക വർഷം പൂർത്തിയായ ശേഷം ജൂലൈ അവസാനത്തോട് കൂടി പ്രാഥമിക കണക്കുകളും, ഡിസംബർ/ജനുവരി മാസത്തോടെ അന്തിമ കണക്കുകളും (Finance Accounts) അക്കൗണ്ടന്റ് ജനറൽ പുറപ്പെടുവിച്ചു വരുന്നു. |
| (ഡി) | കേന്ദ്ര സർക്കാർ നടപടികൾ സംസ്ഥാനത്തെ ധനവരുമാനം ലഭിക്കുന്നതിൽ എന്തെങ്കിലും തടസ്സം സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | നോട്ട് നിരോധനവും, ചരക്ക് സേവന നികുതി ഏർപ്പെടുത്തിയത് മൂലവും സാമ്പത്തിക മേഖലയിൽ പൊതുവിൽ ഉണ്ടായിട്ടുള്ള മാന്ദ്യം സർക്കാരിന്റെ പ്രതീക്ഷിത വരുമാനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ശീർഷകം | ഇനം | 2017 ഡിസംബർ വരെ പിരിച്ചെടുത്ത തുക |
|---|---|---|
| | **എ. നികുതി വരവിനങ്ങൾ** | |
| 0022 | കാർഷികാദായ നികുതി | 2,35,93,493 |
| 0029 | ഭൂനികുതി | 1,18,61,95,834 |
| 0030 | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷൻ ഫീസും | 23,65,54,18,422 |
| 0035 | കൃഷിഭൂമി ഒഴികെയുള്ള സ്ഥാവര വസ്തുവിന്മേലുള്ള നികുതികൾ | 1,20,35,90,939 |
| 0039 | സംസ്ഥാന എക്സൈസ് | 15,95,59,56,555 |
| 0040 | വില്പന നികുതി / വാറ്റ് | 1,80,91,29,36,738 |
| 0041 | വാഹന നികുതികൾ | 27,40,75,44,956 |
| 0042 | ചരക്കുകളുടെയും യാത്രക്കാരുടെയും മേലുള്ള നികുതികൾ | 34,343 |
| 0043 | വിദ്യുച്ഛക്തിയിന്മേലുള്ള നികുതികളും തീരുവകളും | 50,71,06,788 |
| 0045 | ക്രയവസ്തുക്കളെയും സേവനങ്ങളെയും സംബന്ധിച്ച മറ്റ് നികുതികളും തീരുവകളും | 72,27,43,624 |
| | | |

## നികുതിയേതര വരവിനങ്ങൾ

| ശീർഷകം | ഇനം | 2017 ഡിസംബർ വരെ പിരിച്ചെടുത്ത തുക |
|---|---|---|
| 0049 | Interest Receipts | 97,52,88,947 |
| 0050 | Dividends & Profits | 95,85,67,940 |
| 0051 | Public Service Commission | 3,00,44,539 |
| 0055 | Police | 63,69,82,336 |
| 0056 | Jails | 13,51,12,104 |
| 0058 | Stationery & Printing | 18,42,12,005 |
| 0059 | Public Works | 7,00,97,256 |
| 0070 | Other Administrative Services | 1,30,53,36,503 |
| 0071 | Contributions and Recoveries towards Pension and other Retirement benefits | 85,31,47,902 |
| 0075 | Miscellaneous General Services | 46,74,54,09,822 |
| 0202 | Education, Sports, Art and Culture | 2,12,88,35,765 |
| 0210 | Medical and Public Health | 1,65,39,53,406 |
| 0211 | Family Welfare | 11,00,829 |
| 0215 | Water Supply and Sanitation | 3,004 |
| 0216 | Housing | 2,38,15,948 |
| 0217 | Urban Development | 3,55,96,536 |
| 0220 | Information and Publicity | 7,39,113 |
| 0230 | Labour and Employment | 24,25,87,181 |
| 0235 | Social Security and Welfare | 6,71,32,219 |
| 0250 | Other Social Services | 26,55,465 |
| 0401 | Crop Husbandry | 6,30,18,731 |
| 0403 | Animal Husbandry | 4,73,20,881 |
| 0404 | Dairy Development | 85,62,120 |
| 0405 | Fisheries | 13,19,55,242 |

| | | |
|---|---|---|
| 0406. | Forestry and Wild Life | 1,82,96,19,103 |
| 0425 | Co-Operation | 1,47,07,32,969 |
| 0435 | Other Agricultural Programmes | 9,40,669 |
| 0515 | Other Rural Development Programmes | 4,03,67,577 |
| 0575 | Other Special Areas Programmes | 0 |
| 0700 | Major Irrigation | 3,66,38,831 |
| 0701 | Medium Irrigation | 5,19,82,008 |
| 0702 | Minor irrigation | 5,00,96,097 |
| 0802 | Petroleum | 86,055 |
| 0851 | Village and Small Industries | 5,26,43,511 |
| 0852 | Industries | 67,42,206 |
| 0853 | Non-Ferrous Mining & Metallurgical Industries | 1,04,27,24,772 |
| 0875 | Other Industries | 0 |
| 1051 | Ports & Light Houses | 12,82,72,477 |
| 1054 | Roads & Bridges | 16,97,54,291 |
| 1056 | Inland Water Transport | 5,24,68,912 |
| 1075 | Other Transport Services | 16,35,388 |
| 1425 | Other Scientific Research | 4,30,98,996 |
| 1452 | Tourism | 5,39,56,179 |
| 1456 | Civil Supplies | 3,26,98,752 |
| 1475 | Other General Economic Services | 36,77,35,785 |
| | | |

സെക്ഷൻ ഓഫീസർ